എടുക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. ഇല്ല എന്ന് നിഷേധിക്കരുത്. അങ്ങ് എന്റെ ചോദ്യത്തിന് നൽകിയ മറുപടിയാണ്. എന്തുകൊണ്ട് നഗരസഭകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല ? ഇല്ലെങ്കിൽ ഇനിയെങ്കിലും അങ്ങ് പോകുന്നതിന് മുമ്പ് നഗരസഭകളിൽകൂടി ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നഗരങ്ങളിൽക്കൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ അത് നടപ്പിലായിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് ഞാൻ വെരിഫൈ ചെയ്യാം.

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

4 (*289) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം സംസ്ഥാനങ്ങളെ ഏൽപ്പിക്കണമെന്ന് 2000 നവംബറിൽ ചേർന്ന ദേശീയ വികസനസമിതി യോഗം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന കാര്യത്തെപ്പറ്റി പഠിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു ;

(ഡി) ഇവയ്ക്കുവേണ്ടി സംസ്ഥാനവും കേന്ദ്രവും ചെലവഴിക്കുന്ന തുക എത്ര വീതമാണ് ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതി അവസാനിപ്പിക്കുമ്പോൾ സംസ്ഥാനം നടപ്പാക്കുവാൻ ബാദ്ധ്യസ്ഥമായതും കേന്ദ്രസഹായം ആവശ്യമായതുമായ സ്കീമുകൾക്ക് കേന്ദ്രസഹായം ലഭിക്കുവാൻ മറ്റെന്തെങ്കിലും മാർഗ്ഗത്തെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : (എ) ദേശീയ വികസന സമിതി 2000 നവംബറിൽ യോഗം ചേർന്നിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി&ഡി) എൻ.സി.ഡി.സി. ഒഴികെ ആകെ 200 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇവയ്ക്ക് കേന്ദ്ര സർക്കാർ 417.72 കോടി രൂപയും സംസ്ഥാന സർക്കാർ 82.56 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം).

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദേശീയ വികസന സമിതി ഏറ്റവും ഒടുവിൽ യോഗം ചേർന്നത് 1999 ഫെബ്രുവരി 19-ാം തീയതിയാണ്. ഈ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾക്ക് കൈമാറുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ വിശദമായി ചർച്ചചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് സംസ്ഥാനങ്ങൾക്കിടയിലും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തമ്മിലും ഭിന്നാഭിപ്രായങ്ങളാണുള്ളതെന്ന് ബോദ്ധ്യമായതിനെത്തുടർന്ന് ഇതിനെക്കുറിച്ച് പഠിക്കുന്നതിന് ആസൂത്രണ കമ്മിഷന്റെ ഡെപ്യൂട്ടി ചെയർമാൻ അദ്ധ്യക്ഷനും ഏതാനും കേന്ദ്ര മന്ത്രിമാരും സംസ്ഥാന മുഖ്യമന്ത്രിമാരും അംഗങ്ങളുമായി ദേശീയ വികസന സമിതിയുടെ 'സബ്കമ്മിറ്റി' രൂപീകരിക്കുകയുണ്ടായി. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമായതിനുശേഷമേ ഇതേപ്പറ്റി പരിഗണിക്കാനാകുകയുള്ളൂ.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ഇ' ചോദ്യത്തിനു നല്കിയ ഉത്തരത്തിൽ " .....ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തമ്മിൽ ഭിന്നാഭിപ്രായങ്ങളുണ്ടെന്ന്" പറയുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾക്ക് കൈമാറുന്ന തർക്കത്തിൽ കേരളത്തിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ദേശീയ വികസന സമിതിയുടെ സബ് കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തു പൂർത്തിയാക്കാതെ അതെങ്ങനെ പറയാൻ കഴിയും ?

ശ്രീ. ഇ. എം. അഗസ്തി : പഞ്ചായത്ത് രാജ് സംവിധാനം നിലവിൽവന്ന ശേഷം ഡി.ആർ.ഡി.എ. കൾ ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചതിനെത്തുടർന്ന് ഡി.ആർ.ഡി.എ. സംവിധാനം നിലവിലില്ലാതായതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി കൂടുതൽ ധനസഹായം നൽകുകയില്ലെന്ന സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : പദ്ധതി ചെലവുകൾക്കായി നീക്കി വയ്ക്കുന്ന പണത്തിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്രവും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. കുടിവെള്ളം, പാർപ്പിടം, തൊഴിൽ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്രം നിരീക്ഷിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാന ഗവൺമെന്റ് ചൂണ്ടിക്കാണിച്ചിരുന്നു. ഈ അഭിപ്രായ വ്യത്യാസംമൂലമാണ് സമിതി റിപ്പോർട്ട് പൂർത്തിയാക്കിയിട്ടും സമർപ്പിക്കാത്തത്.

ശ്രീമതി ശോഭനാ ജോർജ് : കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി നടപ്പ് സാമ്പത്തികവർഷത്തേയ്ക്ക് എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : കേന്ദ്ര സർക്കാർ 417 കോടി രൂപയും സംസ്ഥാന സർക്കാർ 82 കോടി രൂപയും പുതിയ എസ്റ്റിമേറ്റ് പ്രകാരം നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ് : ഇതിൽ ജനുവരി 30-നകം എത്ര കോടി രൂപ ചെലവഴിച്ചു ; മാർച്ച് 31-നകം എത്ര കോടി രൂപ ചെലവഴിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ഇതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീമതി രാധാ രാഘവൻ : ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് മുഖേന നടപ്പിലാക്കുന്നത് ?

ശ്രീ. ഇ. കെ. നായനാർ : ആദിവാസികളെ സംരക്ഷിക്കുന്നതിന് നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട്.

ശ്രീ. പി. സി. ജോർജ് : കുറേ വർഷങ്ങൾക്ക് മുമ്പ് കേന്ദ്രം പ്രഖ്യാപിച്ച ഒരു പദ്ധതിയാണ് ആദിവാസികൾക്ക് വള്ളവും വലയും കൊടുക്കാനുള്ള പദ്ധതി. കേരളത്തിലെ ആദിവാസികൾക്ക് വള്ളവും വലയും കൊടുത്തിട്ട് കാര്യമുണ്ടോ ? അതാത് സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ഇ. കെ. നായനാർ : ആലോചിക്കാവുന്നതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം സബ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടിയുള്ള കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച് ഉത്തരത്തിൽ പറയുന്നുണ്ട്. സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതുകൊണ്ട് കേന്ദ്ര വിഹിതം ലഭ്യമാകുന്നതിൽ തടസ്സങ്ങൾ വല്ലതും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : സംസ്ഥാന വിഹിതം നീക്കിവച്ചിട്ടുണ്ട് എന്നാണ് ഇവിടെ പറഞ്ഞത്; ചെലവാക്കിയിട്ടുണ്ട് എന്നല്ല.

ഡോ. എം. എ. കുട്ടപ്പൻ : സംസ്ഥാനത്ത് ഇപ്പോൾ ട്രഷറി നിയന്ത്രണം കുറേശ്ശെയുള്ളതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടിയുള്ള തുക റിലീസ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഒരു കാരണവശാലും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly